**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 മാർച്ച് 2, വ്യാഴം

**നമ്പർ 103**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

2023 മാർച്ച് 8 - ലെ സഭാ സമ്മേളനം ഒഴിവാക്കുന്നത് സംബന്ധിച്ച പ്രമേയം :

2023 മാർച്ച് 8-ലെ സഭാ സമ്മേളനം ഒഴിവാക്കുവാനും, അന്നേ ദിവസം സഭ പരിഗണിക്കാനിരുന്ന 2023-24 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകൾ മാർച്ച് 21, 22 എന്നീ തീയതികളിലെ ധനാഭ്യർത്ഥനകൾക്കൊപ്പം പരിഗണിക്കുവാനും തീരുമാനിച്ചുകൊണ്ടുള്ള പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തു.

സ്പീക്കറുടെ അറിയിപ്പ്:

സഭാ സമ്മേളന നടപടികളെ സംബന്ധിച്ച് വിവിധ മാധ്യമങ്ങളിൽ വന്ന തെറ്റിദ്ധാരണ വരുത്തുന്ന വാർത്തകളുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സ്പീക്കർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു.

[ജോലി ചെയ്യുന്നവർക്ക് പൂർണവേതനം നൽകില്ലായെന്ന കെ.എസ്.ആർ.ടി.സി.-യുടെ നിലപാടുമൂലം തൊഴിലാളി സമൂഹത്തിൽ ആശങ്ക ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് മൂലം ഉളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയ്ക്കുള്ള നോട്ടീസ് നല്കിയിരുന്നു. പ്രസ്തുത നോട്ടീസ് ക്രമപ്രകാരമല്ലെന്ന് സ്പീക്കർ സഭയെ അറിയിച്ചു. അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചു]

ശ്രദ്ധ ക്ഷണിക്കൽ :

(1) വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകാതിരിക്കാൻ കുടിവെള്ള സ്രോതസ്സുകൾ പരിപാലിക്കുന്നതിനും കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിനും മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി. കെ. പ്രശാന്ത് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | കൃഷിക്കാരുടെ തുണ്ടുഭൂമികളുടെ ഇനം മാറ്റം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കയ്പമംഗലം തീരപ്രദേശത്ത് ടെട്രോപാഡ് നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. ടി. ഐ. മധുസൂദനൻ | പയ്യന്നൂർ ഗവണ്മെന്റ് വനിത റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ പ്രവർത്തനം | ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 4 | ശ്രീ. ഐ. ബി. സതീഷ് | LBS സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ നവീകരണം | ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. കെ. പ്രശാന്ത് | തിരുവനന്തപുരം മൃഗശാലയിൽ പകർച്ചവ്യാധി മൂലമുള്ള മൃഗങ്ങളുടെ മരണം | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. വി. സുമേഷ് | വഖഫ് ബോർഡ് ഭൂമിയിലുള്ള സ്കൂളുകളുടെ നവീകരണം | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

അതതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

i) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിച്ചു.

ii) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>ധനകാര്യം</u> :

<u>2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

പൊതുമരാമത്ത് എന്ന XV- ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും, തുറമുഖങ്ങൾ എന്ന XL - ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിലും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

XV-ാം നമ്പർ ധനാഭ്യർത്ഥന, XLII-ാം നമ്പർ ധനാഭ്യർത്ഥന, XL-ാം നമ്പർ ധനാഭ്യർത്ഥന എന്നിവ സംബന്ധിച്ച് നോട്ടീസ് നൽകപ്പെട്ടിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

(അടിയന്തരപ്രമേയത്തിന്മേൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിപക്ഷ നേതാവ് പ്രതിഷേധം രേഖപ്പെടുത്തുകയും, പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

<u>താഴെ പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:</u>

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. എസ്. അരുൺ കുമാർ

ഡോ. എൻ. ജയരാജ്

ശ്രീ. എ. രാജ

ശ്രീ. കെ. ആൻസലൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും, തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിലും മറുപടി നൽകി. തുടർന്ന് ധനാഭ്യർത്ഥനകൾ XV, XL, XLII എന്നിവ ഐകകണ്ഠ്യേന പാസ്സാക്കി.

2023 മാർച്ച് 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 1.29-ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,

*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Eight Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, March 2, 2023.*

**No. 103**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Motion regarding the Cancellation of the Assembly sitting on March 8, 2023 :*

Shri Pinarayi Vijayan, Chief Minister moved a motion regarding the cancellation of the Assembly sitting on March 8, 2023 and to consider the demands for grants of the Budget for the financial year 2023-24 scheduled for that day on March 21 and 22, 2023 along with earlier proposed demands for grants. The House adopted the motion.

*Announcement by Speaker :*

The Speaker brought to the attention of the House certain facts regarding some misleading news that appeared in the media with regard to the proceedings of the House.

[A notice for leave to introduce Adjournment Motion was given by Shri. M. Vincent and five other Members regarding the serious situation reported to have arisen consequent to the concern of the employees due to the attitude of KSRTC that the employees will be not paid full wages. The Speaker informed the House that the notice was not in order. In protest against the denial of the notice of the Adjournment motion, the members belonging to the opposition shouted slogans and tried to obstruct the proceedings of the House.]

KNPP.344/2023(ii).

*Calling Attention* :

1. Shri V. K. Prasanth called the attention of the Minister for Water Resources to take precautionary measures to conserve the sources of water and proper water supply to avoid shortage of drinking water during summer. The Minister made a statement thereto.

(The Second notice listed in the List of Business was not moved. The members belonging to the opposition continued shouting of slogans.)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | കൃഷിക്കാരുടെ ഇണ്ടുഭൂമികളുടെ ഇനം മാറ്റം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കയ്പമംഗലം തീരപ്രദേശത്ത് ടെട്രാപാഡ് നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. ടി. ഐ. മധുസൂദനൻ | പയ്യന്നൂർ ഗവൺമെന്റ് വനിത റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ പ്രവർത്തനം | ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 4 | ശ്രീ. ഐ. ബി. സതീഷ് | LBS സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ നവീകരണം | ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. കെ. പ്രശാന്ത് | തിരുവനന്തപുരം മൃഗശാലയിൽ പകർച്ചവ്യാധി മൂലമുള്ള മൃഗങ്ങളുടെ മരണം | മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. വി. സുമേഷ് | വഖഫ് ബോർഡ് ഭൂമിയിലുള്ള സ്കൂളുകളുടെ നവീകരണം | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

i) The Sixth Report of the Committee on the Welfare of Non-Resident Keralites was presented.

ii) The Eighth Report of the Committee on Private Members' Bills and Resolution was presented.

*Financial Business :*

Discussion and Voting on Demands for Grants in the Budget for the financial year 2023-24

Shri P. A. Mohamed Riyas, Minister for Public Works and Tourism moved Demand No. XV-Public Works and Demand No. XLII-Tourism and Shri Ahammad Devarkovil, Minister for Ports, Museums and Archaeology moved Demand No. XL-Ports for the amounts shown respectively against them under column No. 5 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the Table statements under Rule 236 (3) relating to Demand No. XV, XL and XLII.

The cut motions for Demand No. XV, XL and XLII were not moved.

(The Leader of the Opposition spoke in protest against the decision with regard to Adjournment motion and members belonging to Opposition boycotted the rest of the proceedings.)

The following members took part in the discussion;

Shri I. B. Satheesh

Shri E. T. Taison Master

Shri M. S. Arun Kumar

Dr. N. Jayaraj

Shri A. Raja

Shri K. Ansalan

Shri Ramachandran Kadannappalli

Shri K. N. Unnikrishnan

Shri C. C. Mukundhan

Shri K. U. Jenish Kumar

Shri P. A. Mohamed Riyas, Minister for Public Works and Tourism and Shri Ahammad Devarkovil, Minister for Ports, Museums and Archaeology replied to the points raised during the discussion. Then the Demand Nos. XV, XL and XLII were passed by the House unanimously.

The House adjourned at 1.29 p.m. to meet again at 9.00 a.m. on Friday, March 3, 2023.

A. M. BASHEER,

*Secretary.*